പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 602 05.06.2018 ലെ മറുപടിക്ക്

## കയർ ഭൂവസ്ത്ര വിപണനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രവിപണനം വഴി കയർ ബോർഡിന് എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) കയർ ബോർഡ് കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കയർ ബോർഡിന്റെ ഷോറൂമുകളിലൂടെയും സെയിൽസ് ഡിപ്പോകളിലൂടെയും 199.46 ലക്ഷം രൂപയുടെ കയർ ഭൂവസ്ത്രം വിപണനം ചെയ്തിട്ടുണ്ടെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രങ്ങൾ വിപണനം നടത്തിയതുവഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; | ബി) കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കയർ ഭൂവസ്ത്രം വിതരണം ചെയ്യുക വഴി നാളിതുവരെ 27.60 കോടി രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം നടത്തുക വഴി കയർ ബോർഡ് 80.23 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ടെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| സി) മറ്റുള്ളവർക്ക് വിപണനം നടത്തിയതുവഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; | സി) കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റുള്ളവർക്ക് കയർ ഭൂവസ്ത്രം വിതരണം നടത്തിയതുവഴി 86.17 കോടി രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്. മറ്റുള്ളവർക്ക് കയർ ഭൂവസ്ത്രം വിപണനം നടത്തുക വഴി കയർ ബോർഡ് 119.23 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ടെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ഡി) ഇതിൽ കയറ്റുമതി വഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | ഡി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾ കയറ്റുമതിക്കാർക്ക് 86.10 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിറ്റിട്ടുണ്ട്. |

| | |
|---|---|
| | കയർ കോർപ്പറേഷൻ 2016-17 - 35 കോടി<br>2017-18 - 51 കോടി<br><br>കയർഫെഡ് - 9.98 ലക്ഷം<br><br>കയർ ബോർഡ് നേരിട്ട് കയറോ കയർ ഉല്പന്നങ്ങളോ കയറ്റുമതി ചെയ്യുന്നില്ല എന്നും കയറ്റുമതിക്കാർക്ക് ആവശ്യമായ പ്രോത്സാഹനങ്ങളാണ് നൽകുന്നത് എന്നും ഇന്ത്യൻ കയറ്റുമതിക്കാർ 7798.47 ലക്ഷം രൂപ മൂല്യമുള്ള 11026 മെട്രിക് ടൺ കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്തിട്ടുണ്ട് എന്നും കയർ ബോർഡ് അറിയിച്ചു. |
| ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്ര വിപണനം നടത്തിയത് വഴി കയർ ബോർഡിന് ആകെ വിറ്റുവരവിന്റെ എത്ര ശതമാനം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റിനങ്ങളിൽ എത്ര ശതമാനം വീതം വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം നടത്തിയത് വഴി കയർ ബോർഡിന് ആകെ വിറ്റുവരവിന്റെ 3.3 ശതമാനം നേടാൻ കഴിഞ്ഞതായും ശേഷിച്ച 96.70 ശതമാനം മറ്റിനങ്ങളുടെ വിപണനം വഴിയാണെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ